**INTERNATIONAL INDIAN SCHOOL DAMMAM**
**FIRST SUMMATIVE ASSESSMENT – JUNE 2013**

**CLASS-VII** | **TIME: 3 HRS**
**SUBJECT: MALAYALAM** | **MARKS: 90**

---

I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചു ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ലോകത്തിലാദ്യമായി തപാൽ സ്റ്റാമ്പ് ഇറക്കിയത് 1840 മെയ് മാസത്തിൽ ഇംഗ്ലണ്ടിലാണ്. സർ റോളണ്ട് ഹിൽ ആയിരുന്നു അതിന്റെ ഉപജ്ഞാതാവ്. അതിനു മുമ്പ് കത്തുകളിൽ സ്റ്റാമ്പ് ഒട്ടിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നില്ല. 'പെനിബ്ലാക്ക്'എന്ന പേരിലാണ് ഈ സ്റ്റാമ്പ് അറിയപ്പെട്ടത്. വിക്ടോറിയ രാജ്ഞിയുടെ തലയുടെ ചിത്രം മുദ്രണം ചെയ്തിട്ടുള്ളതായിരുന്നു ആദ്യത്തെ സ്റ്റാമ്പ്. സ്റ്റാമ്പ് ശേഖരിക്കുന്ന വിനോദത്തിന് പറഞ്ഞുവരുന്ന ഗ്രീക്ക് പദമാണ് ഫിലാറ്റെലി . ഹെർവിൻ എന്ന ഫ്രെഞ്ചുകാരനാണ് ഈ പദം ആദ്യമായി ഉപയോഗിച്ചത്.

തുർക്കി ഭരണാധികാരിയായ അലാവുദീൻ ഖിൽജി 1296 -ൽ ഇന്ത്യയിൽ കുതിരത്തപാൽ നടപ്പിലാക്കി. 1688 -ൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയാണ് ഇന്നത്തെ രീതിയിലുള്ള പോസ്റ്റ് ഓഫീസുകൾ ബോംബെയിലും കൽക്കട്ടയിലും മദ്രാസിലും സ്ഥാപിച്ചത്. വിദേശരാജ്യങ്ങളിലേക്ക് എയർമെയിൽ സർവീസ് ഏർപ്പെടുത്തിയ ആദ്യരാജ്യം ഇന്ത്യയാണ്. കറൻസി നോട്ടുകൾ അച്ചടി ക്കുന്ന നാസിക്കിലെ ഇന്ത്യാ സെക്യൂരിറ്റി പ്രസ്സിലാണ് തപാൽ സ്റ്റാമ്പും അച്ചടിക്കുന്നത്. പൊതുജനങ്ങൾക്കുവേണ്ടി തപാലാപ്പീസ് പ്രവർത്തനമാരംഭിച്ചത് 1774 ൽ വാറൻ ഹേസ്റ്റിംഗ്സിന്റെ ഭരണ കാലത്താണ്.

1. തപാൽ സ്റ്റാമ്പിന്റെ ഉപജ്ഞാതാവാര് ? (1)
2. സ്റ്റാമ്പ് ശേഖരിക്കുന്ന വിനോദത്തിന് പറഞ്ഞു വരുന്ന ഗ്രീക്ക് പദം ഏത് ?
   ആദ്യമായി ഈ പദം ഉപയോഗിച്ചതാര് ? (2)
3. വിദേശങ്ങളിലേക്ക് എയർമെയിൽ സർവ്വീസ് ഏർപ്പെടുത്തിയ ആദ്യ രാജ്യം ഏത്? (1)
4. ലോകത്തിലാദ്യമായി തപാൽ സ്റ്റാമ്പ് ഇറക്കിയത് എന്ന്? എവിടെ ? (2)
5. ആരുടെ ഭരണകാലത്താണ് പൊതുജനങ്ങൾക്കുവേണ്ടി തപാലാപ്പീസ്ആരംഭിച്ചത് ? (1)
6. ആരുടെ ചിത്രം മുദ്രണം ചെയ്തിട്ടുള്ളതായിരുന്നു ആദ്യത്തെ സ്റ്റാമ്പ് ? (1)
7. ആരാണ് ഇന്നത്തെ രീതിയിലുള്ള പോസ്റ്റ് ഓഫീസുകൾ സ്ഥാപിച്ചത് ? (1)
8. എവിടെയാണ് തപാൽ സ്റ്റാമ്പ് അച്ചടിക്കുന്നത് ? (1)

II. ആശയവിപുലനം ചെയ്യുക. 6

'വിദ്യാധനം സർവ്വധനാൽ പ്രധാനം'

III. അക്ഷരം പൂരിപ്പിക്കുക 6

( ഥം, ഢ, ന്ധി, ഷ്ടം, ദീ, ഷ്ഠം, ദം, തീ, ധ, ഥി, ണ്ഡി )

1. പ്ര - കം 2. അതി - പൂജ 3. പ - തൻ 4. ജനപ - 5. വിശി - 6. ക്രു - ൻ

IV. അർത്ഥം എഴുതുക 6

1. പുളിനം 2. അവഹേളനം 3. ഝടുതി 4. ശോഭിക്കുക 5. സാധ്വി 6. കുതൂഹലം

V. വിപരീതം എഴുതുക 6

1. രുചി 2. ബലം 3. അഭിമാനം 4. കരുണം 5. ആദി 6. സന്തുഷ്ടൻ

VI. പര്യായം എഴുതുക 6

1. കുക്കുടം 2. ബ്രാഹ്മണൻ 3. സർപ്പം 4. കഴൽ 5. നളിനം 6. മ്ലാനം

VII. നാനാർത്ഥം എഴുതുക 3

1. അംഗം 2. മറ 3. രുചി

VIII. വിഗ്രഹിക്കുക 5

1. ആചാരമര്യാദകൾ 2. കരകമലം 3. ഉത്തമശിഷ്യൻ 4. കോപാഗ്നി 5. ചരണദ്വയം

IX. ചേർത്തെഴുതുക. 5

1. പങ്കം + അകന്നൊരു 2. ഭിക്ഷ + ചോറ് 3. ചേർന്ന് + ഇണങ്ങി
4. കാന്തി + ഉം 5. നല്ല + ഒരു

X. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. 5

1. തൈത്തെന്നൽ 2. കുക്കുടമുണ്ട് 3. കഴുത്തറ്റം 4. ബലമായി 5. ചെവിയോർത്തു

XI. വാക്യത്തിൽ പ്രയോഗിക്കുക (Any 2) 2

1. അനുഷ്ഠിക്കുക 2. ജീവനുതുല്യം 3. തൊട്ടതിനും പിടിച്ചതിനും

XII. ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക 4

1. "നീചകർമ്മിയാണെങ്കിലും ഇയാൾ ദിവ്യൻ തന്നെ". ആരാണ് ഇങ്ങനെ ചിന്തിച്ചത് ?
( ധർമവ്യാധൻ , കൗശികൻ )
2. സുകുമാരൻ പാടിയ കാവ്യത്തിന്റെ പേരെന്താണ്?
(ശ്രീകൃഷ്ണവിലാസം കാവ്യം, ശ്രീരാമവിലാസം കാവ്യം )
3. 'നളനും അരയന്നവും' എന്ന കവിത ഏതു കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ്?
( നളചരിതം ആട്ടക്കഥ , നളചരിതം ഓട്ടൻതുള്ളൽ )
4.' പ്രഭാതഗീതം 'എന്ന കവിത എഴുതിയതാര്?
(കുഞ്ചൻനമ്പ്യാർ, പണ്ഡിറ്റ് കെ. പി. കറുപ്പൻ )

XIII. പദ്യം പൂരിപ്പിക്കുക. (8 വരി ) 4

ജ്ഞാനികളുണ്ടെന്നു ------------------------------- വാച്ചിടട്ടെ.

XIV. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. (Any 5) 10

1. എന്തുകൊണ്ടാണ് സുകുമാരൻ കരഞ്ഞത് ?
2. പക്ഷിമാംസം ഭക്ഷിക്കാൻ രാജാവിന് കൊതിയുണ്ടെങ്കിൽ എന്തുചെയ്താൽ മതിയെന്നാണ് ഹംസം ഉപദേശിക്കുന്നത് ?
3. കൗശികൻ ഭിക്ഷ തേടിയിറങ്ങിയതെന്തിന് ?
4. "പോറ്റീ നീനൽവരം നൽകിടേണം" എന്ന പ്രാർത്ഥനയിൽ എന്തെല്ലാമാണ് നല്ല വരമായി ഉദ്ദേശിക്കുന്നത് ?
5. ധർമവ്യാധന്റെ ഐശ്വര്യത്തിന്റെ നിദാനം എന്ത് ?
6. എന്തായിരുന്നു സുകുമാരന്റെ ഉദ്ദേശ്യം ? അതിനു കാരണമെന്ത് ?

XV. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക (Any 3) 12

1. അരയന്നത്തിന്റെ സൗന്ദര്യം കവി എങ്ങനെയാണ് വർണ്ണിച്ചിരിക്കുന്നത് ?
2. കൗശികൻ ധർമവ്യാധനിൽ നിന്നും മനസ്സിലാക്കിയ പാഠമെന്ത് ?
3. ദൈവത്തിന്റെ കനിവാൽ എന്തൊക്കെ ഉണ്ടാകണമെന്നാണ് കവി ആഗ്രഹിക്കുന്നത് ?
4. ഗുരുവിന്റെ മറുപടി ചുരുക്കി എഴുതുക.

*Best of Luck*